"ഭരണഭാഷ- മാതൃഭാഷ"

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : സുഭാഷ് ടി വി ഐ.എ.എസ്)**

---

പ്രൊസീഡിംഗ്സ് നമ്പർ. എ2/38/2025/ഐ&പി.ആർ. തീയതി, തിരുവനന്തപുരം (22-03-2025)

---

വിഷയം:- ഐ&പി.ആർ.ഡി- വകുപ്പിലെ സിനിമ ഓപ്പറ്റേർമാർക്ക് കേരള മീഡിയ അക്കാദമി മുഖേന ഫോട്ടോഗ്രാഫിയിൽ 6ദിവസത്തെ വിദഗ്ധ പരിശീലനം - അനുമതി നല്കിയും തുക അനുവദിച്ചും-ഉത്തരവാകുന്നു .

സൂചന: - 1. 02/08/2024 ലെ സ.ഉ(സാധാ) നം. 73/2024/ഐ&പി.ആർ.

2. 14/03/2025 ന് വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗ മിനുട്സ്.

3. 18/03/2025 ലെ കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 35/ഇ/2025/കെ.എം.എ. നം. കത്തും എസ്റ്റിമേറ്റും.

**<u>ഉത്തരവ്</u>**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന(2)ലെ നിർദ്ദേശപ്രകാരം വകുപ്പിലെ എല്ലാ സിനിമ ഓപ്പറ്റേർമാർക്കും ഫോട്ടോഗ്രാഫിയിൽ 6 ദിവസത്തെ വിദഗ്ധ പരിശീലനം നൽകുവാൻ കേരള മീഡിയ അക്കാദമിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നുവെന്നും 25 ക്യാമറ സാങ്കേതിക വിദ്യകൾ, ക്യാമറ ആംഗിളുകളും ഫ്രെയിമുകളും ന്യൂസ് ഫോട്ടോഗ്രാഫിയിൽ, ലൈറ്റിംഗ്, ഫോട്ടോഷോപ്പ്, ഫയൽ ട്രാൻസ്ഫറിംഗ്, ഫോട്ടോ എഡിറ്റിംഗ് മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയിൽ സിനിമ ഓപ്പറേറ്റർമാർക്ക് പരിശീലനം നൽകുന്നതിന് ചീഫ് ഫോട്ടോഗ്രാഫർ കുറിപ്പ് നല്കയിരുന്നു. പ്രസ്തുത പരിശീലനം സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റും ഷെഡ്യൂളും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സൂചന (3) പ്രകാരം മീഡിയ അക്കാദമി സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്.

വകുപ്പ് ഇക്കാര്യം പരിശോധിച്ചു. വകുപ്പിലെ ചുവടെ ചേർക്കുന്ന 9സിനിമ ഓപ്പറ്റേർമാർക്ക് ഫോട്ടോഗ്രാഫിയിൽ 6 ദിവസത്തെ വിദഗ്ധ പരിശീലനം കേരള മീഡിയ അക്കാദമി മുഖേന 2025 മാർച്ച് 25 മുതൽ 30 വരെ അക്കാദമിയുടെ കാക്കനാട് കാമ്പസിൽ വച്ച് നടത്തുന്നതിന് അക്കാദമി സെക്രട്ടറി ലഭ്യമാക്കിയ പ്രൊപ്പോസൽ അംഗീകരിച്ച് അനുമതി നല്കിയും പ്രസ്തുത പരിശീലനത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള 4,92,250/- രൂപ (നാലു ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഇരുനൂറ്റിയമ്പത് രൂപാ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ''2220-60-003-99-പരിശീലനങ്ങൾ/പൊതുആശയ വിനിമയ വൈദഗ്ധ്യത്തിൽ കഴിവ് മെച്ചപ്പെടുത്തൽ'' ശീർഷകത്തിൽ നിന്നും അനുവദിച്ച് നല്കിയും ഉത്തരവാകുന്നു.

പ്രസ്തുത തുക കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ അക്കൗണ്ടിൽ (SBI, Kakkanad Civil Station Branch, Ernakulam., A/c.No.67324621151 IFSC- SBIN0070339) ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

<u>പരിശീലനത്തിൽ പങ്കെടുക്കുന്നവർ</u>

1. ജി.വിജയകുമാർ, സിനിമ ഓപ്പറേറ്റർ,ഡയറക്ടറേറ്റ്.
2. ജയപ്രകാശ് എം., സിനിമ ഓപ്പറേറ്റർ, ഡി.ഐ ഒ. പാലക്കാട്
3. കെ. ഉണ്ണികൃഷ്ണൻ നായർ, സിനിമ ഓപ്പറേറ്റർ, ഡി.ഐ. ഒ. പത്തനംതിട്ട
4. സിബി. പി. സിനിമ ഓപ്പറേറ്റർ, ഡി.ഐ. ഒ, ആലപ്പുഴ
5. സുധീഷ് പി. സിനിമ ഓപ്പറേറ്റർ, ഡി.ഐ. ഒ, തൃശ്ശൂർ
6. രതീഷ്. കെ.എ. സിനിമ ഓപ്പറേറ്റർ ഡി. ഐ.ഒ. വയനാട്
7. ജോർജ്ജ് എ. എസ്. സിനിമ ഓപ്പറേറ്റർ, ഡി.ഐ. ഒ, ഇടുക്കി
8. കൃഷ്ണൻ കെ. സിനിമ ഓപ്പറേറ്റർ, ഡി.ഐ. ഒ, കാസർഗോഡ്
9. അനീഷ് കെ കെ. സിനിമ ഓപ്പറേറ്റർ, ഡി.ഐ. ഒ. എറണാകുളം

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

സെക്രട്ടറി, കേരള മീഡിയ അക്കാദമി, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, പബ്ലിക്കേഷൻ
ചീഫ് ഫോട്ടോഗ്രാഫർ, ഐ&പി.ആർ.ഡി. (സിനിമാ ഓപ്പറേറ്റർമാർക്ക് അറിയിപ്പ് നല്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (ആർ &ആർ/വെബ് & ന്യൂ മീഡിയ/പ്ലാനിംഗ് )
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് (3 പകർപ്പുകൾ)
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, സെക്രട്ടേറിയറ്റ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 22-03-2025 17:08:02

സെക്ഷൻ ഓഫീസർ.